ളിക്കാരെയും മുസ്ലീം ഗ്രൂപ്പുകളെയും പ്രീണിപ്പിച്ചും ഭൂരിപക്ഷങ്ങളെ ഇക്കിളിപ്പെടുത്തിയും, തെരെഞ്ഞെടുപ്പ് രാഷ്ട്രീയം കളിക്കാൻ പിണറായി വിജയനും സംഘത്തിനുമറിയാം. ആ വലയം ഭേദിച്ച് ഏതെങ്കിലും ബുദ്ധിജീവിയോ സാംസ്ക്കാരിക പ്രവർത്തകനോ എഴുത്തുകാരോ ആം ആദ്മി പാർട്ടിയിലേക്ക് ചേക്കേറുന്നുണ്ടെങ്കിൽ, അത് സംശുദ്ധരാഷ്ട്രീയത്തിനു വേണ്ടിയായിരിക്കില്ല, നക്കാപ്പിച്ച എന്തെങ്കിലും തടയുമോയെന്ന് നോക്കിയായിരിക്കും. മാർക്സിസ്റ്റു പാർട്ടിയുടെ വോട്ട് ബാങ്ക് അധാർമികമായ രാഷ്ട്രീയ കൂട്ടുകെട്ടുകളാൽ ഉറപ്പുള്ളതാണ്. എൻ.ജി.ഒ സംഘടനകൾ, പോഷക സംഘടനകൾ എന്നിവയിൽ വിള്ളലുണ്ടാകാൻ എളുപ്പമല്ല. കാരണം അതിനുള്ളിൽ അകപ്പെട്ടിരിക്കുന്നവർ അന്ധമായി വിശ്വസിച്ചുകൊണ്ടിരിക്കുന്നത് തങ്ങളാണ് ധാർമ്മികതയുടെ ഏറ്റവും വലിയ പ്രണേതാക്കൾ എന്നാണ്. മണലിൽ തലപൂഴ്ത്തിയിരിക്കുന്ന ഒട്ടകപക്ഷികളാണവർ. ആം ആദ്മി പറയുന്ന സംശുദ്ധ രാഷ്ടീയം തങ്ങൾ എത്രയോ കാലമായി പറഞ്ഞുകൊണ്ടിരിക്കുകയാണെന്നാണ് പാർട്ടിയുടെ അഖിലേന്ത്യ സെക്രട്ടറി പ്രകാശ് കരാട്ട് പറയുന്നത്. അദ്ദേഹവും പാവം ഒട്ടകപക്ഷിയുടെ ഗതികേടിലാണ്. ദില്ലിയിൽ എയർകണ്ടീഷൻഡ് മുറിയും കൽക്കത്തയിലേക്കും തിരുവനന്തപുരത്തേക്കും ത്രിപുരയിലേയ്ക്കും പി.ബിയ്ക്ക് പോകാൻ വിമാനക്കൂലിയും ഓഫീസ് ചെലവുകളും നടത്താൻ പിണറായിയെപ്പോലുള്ള കോർപ്പറേറ്റ് സഖാക്കളില്ലെങ്കിൽ എന്ത് ചെയ്യും എന്ന ആശങ്കയും ഈ ബഡാ ആദ്മി സഖാവിനുണ്ടാകും. ■

എല്ലാം തികഞ്ഞ ഒരു വിപ്ലവത്തിൽ കുറഞ്ഞ ഒന്നുകൊണ്ടും തൃപ്തരാകാത്ത മലയാളി വിമർശനങ്ങളെ ഇപ്പോൾ ആം ആദ്മി പാർട്ടി അർഹിക്കുന്നില്ല.

**സി.ആർ. പരമേശ്വരൻ / കേരളീയം**

# പ്രത്യയശാസ്ത്ര ശാഠ്യങ്ങൾ തത്കാലം മാറ്റിവയ്ക്കാം

**രാഷ്ട്രീയ നിലപാടുകളിലും ഭരണ നിർവ്വഹണത്തിലും പ്രത്യയശാസ്ത്രത്തിന്റെ അഭാവം നിഴലിക്കുന്നുണ്ടെന്ന വിമർശനം നിലനിൽക്കെ, അഴിമതി രാജിനെതിരെയുള്ള സംശുദ്ധ ഭരണം എന്ന ലേബലിൽ മാത്രം ആം ആദ്മി പാർട്ടിക്ക് തുടർന്നും മുന്നോട്ട് പോകാൻ കഴിയുമോ?**

സമൂഹത്തിലെ വ്യത്യസ്ത താല്പര്യങ്ങൾ തനതുലക്ഷ്യങ്ങളോടെയും പ്രതീക്ഷകളോടെയും പ്രവർത്തനങ്ങളോടെയും ജനജീവിതത്തിൽ ഇടപെടുമ്പോൾ പ്രത്യക്ഷമായും പരോക്ഷമായും പ്രകടിതമാകുന്നതാണ് പ്രത്യയശാസ്ത്രങ്ങൾ. ഈ പ്രകടിതമാകൽ ബോധപൂർവ്വം മാത്രമല്ല അബോധപൂർവ്വം കൂടിയാണ്. അവയെ എഴുതി തയ്യാറാക്കിയ സംഘടന-മത-പാർട്ടി പദ്ധതികളുമായോ മാനിഫെസ്റ്റോകളുമായോ തെറ്റിദ്ധരിക്കരുത്. ആം ആദ്മി പാർട്ടിയെ അവരുടെ ലക്ഷ്യങ്ങളുടെയും പ്രതീക്ഷകളുടെയും പ്രവർത്തനങ്ങളുടെയും വെളിച്ചത്തിൽ വ്യത്യസ്തമായ ഒരു സത്തയായി നാം തിരിച്ചറിയുന്നുണ്ടെങ്കിൽ അവർക്ക് ഒരു പ്രത്യയശാസ്ത്രം ഉണ്ടെന്നാണ് അതിനർത്ഥം. ഇന്നവരുടെ മുൻപിലുള്ള മൂർത്തമായ വെല്ലുവിളി രാഷ്ട്രീയത്തിലേയും ഭരണകൂടത്തിലേയും സംശുദ്ധി വീണ്ടെടുക്കാനാവുമോ എന്നതാണ്. ഈ ജോലിയെങ്കിലും അവർ എങ്ങിനെ കൈകാര്യം ചെയ്യുന്നു എന്ന് നമുക്ക് സഹാനുഭൂതിയോടെ വീക്ഷിക്കാം. നാളെ മൂർത്തമായ മറ്റു പ്രശ്നങ്ങളും വെല്ലുവിളികളും അവരുടെ വഴിയിൽ നിശ്ചയമായും ഉയർന്നുവരും. അന്ന് അവർക്ക് അതിജീവനത്തിനുള്ള അർഹതയുണ്ടെങ്കിൽ അവർ അവരുടെ പ്രത്യയശാസ്ത്ര ചക്രവാളം കൂടുതൽ വ്യാപകത്വമുള്ളതാക്കും. അല്ലെങ്കിൽ, ഉണ്ടാക്കാൻ കഴിഞ്ഞ ചില്ലറ നേട്ടങ്ങൾ കൊണ്ടോ പാഠങ്ങൾ കൊണ്ടു പോലുമോ ജനാധിപത്യത്തെ സ്വല്പം കൂടി സമ്പന്നമാക്കി വഴിയിൽ പട്ടുപോകും. അകമേ നിന്നുള്ള ജീർണ്ണതയും പുറമെ നിന്നുള്ള ആക്രമണങ്ങളും കാരണം പ്രസ്ഥാനത്തിന്റെ ആയുസ്സ് മാസങ്ങളോ ദിവസങ്ങളോ ആകാനും സാധ്യതയുണ്ട്. പിന്നെ വേറൊരു ആം

ആദ്മി പാർട്ടി വരും. ഇങ്ങനെയൊക്കെയല്ലേ ലോകചരിത്രം പുരോഗമിച്ചിട്ടുള്ളത്?

സാമ്പ്രദായികമായ അർത്ഥത്തിൽ എടുത്താലും നാമിന്ന് ഒരു പ്രത്യയശാസ്ത്രാനന്തര (post ideological) ഘട്ടത്തിലാണ് ജീവിക്കുന്നത്. നാമിന്നറിയുന്ന പ്രത്യശാസ്ത്രങ്ങളുടെ ഒക്കെ പുറംകുപ്പായം കീറിപ്പറഞ്ഞിരിക്കുന്നു. അധികാര-സാമ്പത്തിക-അതിജീവന-നയതന്ത്ര താത്പര്യങ്ങളേ ഏത് വൻ ശക്തികൾക്കും ഇന്നുള്ളൂ. ഇസ്ലാമിക പ്രത്യയശാസ്ത്രത്തിന്റെ കർക്കശഭൂമിയായ സൗദി അറേബ്യ അല്ലേ ഇറാനിലെയും സിറിയയിലെയും സഹമുസ്ലീങ്ങളെ കൂട്ടക്കൊല ചെയ്യാൻ യഹൂദ-കൃസ്ത്യൻ മുതലാളിത്ത രാജ്യങ്ങളായ ഇസ്രയേലും അമേരിക്കയുമായി കൈ കോർക്കുന്നത്? കമ്മ്യൂണിസ്റ്റുകാരാണ് പ്രത്യയശാസ്ത്രത്തെ കുറിച്ച് എപ്പോഴും അതിവാചാലരാകുന്ന മറ്റൊരു കൂട്ടർ. എൺപത് വർഷങ്ങളോളം ആയല്ലോ ഇവർ ഇന്ത്യയെ പ്രത്യയശാസ്ത്രം പഠിപ്പിക്കാൻ തുടങ്ങിയിട്ട്. ഡൽഹിയിൽ ഇക്കുറി അവർ ഇരുപതു മണ്ഡലങ്ങളിൽ മത്സരിച്ചു. 146നും 1199നും ഇടക്കുള്ള വോട്ടുകളാണ് ഇവർക്ക് കിട്ടിയത്. നാലക്ക വോട്ട് കിട്ടിയത് ഒരിടത്ത് മാത്രം. എന്നാലും, പിറ്റേന്ന് തന്നെ പ്രഭാത്പട്നായിക്കിന്റെ പ്രത്യയശാസ്ത്രപാഠം വന്നു. കേരളത്തിലെ പ്രത്യയശാസ്ത്ര ഫോസിലുകളും വെറുതെ ഇരുന്നില്ല. മാധ്യമങ്ങളിലും നവസാമൂഹ്യമാധ്യമങ്ങളിലും അവരും തിമർത്തു. കമ്മ്യൂണിസം ഇന്ന് ആ പേരിൽ അവശേഷിക്കുന്ന അപൂർവ്വം സ്ഥലങ്ങളിൽ ഒന്നായ കേരളത്തിൽ അത് തൽക്കാലം അതിജീവിക്കുന്നത് ആകാവുന്നത്ര അനുയായികളെ പോഷകസംഘടനവത്കരിച്ചും ബാക്കി സമൂഹത്തെ മുൾമുനയിൽ നിർത്തിയും വില പേശിയും ചൂഷണം ചെയ്തും ലാഭം കൊയ്തുമല്ലേ?




കൊലപാതകവും അഴിമതിയും സ്വജനപക്ഷപാതവും നടത്തുക. അവയിൽ നിന്നൊക്കെ ഊരാൻ വീണ്ടും ഭീഷണി ഉപയോഗിക്കുക, നീതിന്യായവ്യവസ്ഥയെയും ശത്രുപക്ഷത്തെന്ന് പുറമേക്ക് ഭാവിക്കുന്ന മറ്റു കക്ഷികളേയും വില പേശിയും കൈക്കൂലി കൊടുത്തും ഒതുക്കുക. ഇതിലൊക്കെ എവിടെയാണ് മാർകിസസവും പ്രത്യയശാസ്ത്രവും? ഒരു പക്ഷെ, നമ്മുടെ ജനാധിപത്യ രംഗത്ത് എത്രയോ കാലത്തിനു ശേഷമാണ് ഉദ്ദേശശുദ്ധി തിരിച്ചു വരുന്നത്. ഉദ്ദേശശുദ്ധി കൊണ്ട് മാത്രം എല്ലാം നടക്കുമെന്നല്ല. പക്ഷെ, അതിനു എന്ത് ചെയ്യാനാവുമെന്ന് നമുക്ക് നോക്കാം.

**ബീക്കൺ ലൈറ്റുകൾ ഒഴിവാക്കുക, ആഡംബര മന്ദിരങ്ങൾ ഒഴിവാക്കുക, പാർട്ടിക്കുള്ളിൽ സ്വതന്ത്ര ലോക്പാൽ സംവിധാനം നടപ്പിലാക്കുക, റൈറ്റ് ടു റിജക്ട്, റൈറ്റ് ടു റീക്കാൾ തുടങ്ങിയ സാധ്യതകൾ ജനാധിപത്യ സംവിധാനത്തിൽ കൊണ്ടുവരുക എന്നിങ്ങനെയുള്ള പൊതുഭരണ വ്യവസ്ഥയിലെ പരിഷ്കരണങ്ങൾക്കാണല്ലോ എ.എ.പിയുടെ ഊന്നൽ. കാലാകാലങ്ങളായി ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന സാമ്പത്തികവും ജാതീയവുമായ അസമത്വങ്ങളെയും അനീതികളെയും ചോദ്യം ചെയ്യാനുള്ള കരുത്തില്ലാതെ, ഭരണനിർവ്വഹണ പരിഷ്കരണങ്ങളുമായി മാത്രം ഒരു നവരാഷ്ട്രീയ പ്രസ്ഥാനത്തിന് മുന്നോട്ട് പോകാൻ കഴിയുമോ?**

അസ്സൽ മലയാളി ബുദ്ധിജീവി ചോദ്യം തന്നെയാണ് ഇതും. നിത്യജീവിതത്തിൽ ഉമ്മൻ ചാണ്ടിയെയും ഇളമരം കരീമിനെയും ജയരാജന്മാരെയും ചാക്ക് രാധാകൃഷ്ണനെയും കാന്തപുരത്തിനെയും ഒക്കെ സഹിക്കുന്നവരായാലും, പിച്ച വച്ചുതുടങ്ങുമ്പോൾ മുതൽ

ജനകീയ ജനാധിപത്യ വിപ്ലവത്തിന്റെയും സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെയും നാൾവഴിയെക്കുറിച്ചുള്ള വായ്ത്താരി കേട്ട് ശീലിച്ച മലയാളി, എല്ലാം തികഞ്ഞ ഒരു വിപ്ലവത്തിൽ കുറഞ്ഞ ഒന്നുകൊണ്ടും തൃപ്തനാവുകയില്ല!. ഇന്നലെ ഒരു ചെടി നട്ട്, ഇന്ന് രാവിലെ അതിന്റെ വേരെണ്ണാൻ തുടങ്ങുന്നത് ഗൗരവബുദ്ധിയുള്ള സമീപനമല്ല.

കോൺഗ്രസ് നിലവിൽ വന്നിട്ട് ഒന്നേകാൽ നൂറ്റാണ്ടു കഴിഞ്ഞു. സംഘപരിവാർ ശക്തികളും കമ്മ്യൂണിസ്റ്റുകളും സോഷ്യലിസ്റ്റുകളും ഇന്ത്യയിൽ അവതരിച്ചിട്ട് മുക്കാൽ നൂറ്റാണ്ടും. ഇവരിലെ ആദ്യകാല നേതാക്കളിൽ മിക്കവരും ഉദ്ദേശശുദ്ധിയുള്ളവരും പ്രഗത്ഭരും ആയിരുന്നു. അവരൊക്കെ ദശകങ്ങളായി ശ്രമിച്ചിട്ടു സാധിക്കാത്തത് ഈ ചെറിയ പാർട്ടി രണ്ടാഴ്ച കൊണ്ട് സാധിക്കണമെന്ന് ആവശ്യപ്പെടുന്നത് ചിന്താപരമായ അലസതയാണ്. ആം ആദ്മി പാർട്ടിയുടെ സ്രോതസ്സായ അണ്ണാ ഹസാരെ സമരത്തിന്റെ ഘട്ടത്തിൽ ഫേസ്ബുക്ക് ചർച്ചകളിൽ ഞാൻ പറഞ്ഞത് നമ്മുടെ ജനാധിപത്യത്തിൽ incremental ആയ ഒരു മാറ്റമെങ്കിലും കൊണ്ടുവരാൻ അവർക്കായാൽ പരാജയസാധ്യതയുള്ള അവരുടെ ഉദ്യമത്തിന്റെ നിയോഗം നിറവേറി എന്നാണ്. സമൂലമാറ്റമൊന്നും ഈ പാർട്ടി കാണ്ടുവരാൻ പോകുന്നില്ല എന്നാണ് എന്റെ വ്യക്തിപരമായ വിശ്വാസം. ഇത് നമ്മുടെ ഭരണകൂടസ്ഥാപനങ്ങളെ ഒന്ന് ശുദ്ധീകരിക്കാൻ ഉപയുക്തമായേക്കാവുന്ന ഒരു താൽക്കാലിക പ്രസ്ഥാനമാകാനാണിട. റഷ്യൻ വിപ്ലവം എഴുപതോളം കൊല്ലം നിലനിന്നു. പ്രത്യയശാസ്ത്രാനന്തരപ്രസ്ഥാനങ്ങൾ ഹ്രസ്വായുസ്സുള്ളവയാകാനാണ് സാധ്യത. ആം ആദ്മി പാർട്ടി ആർജ്ജവത്തോടെ അഞ്ചു വർഷമെങ്കിലും നിലനിന്നാൽ അത് നമ്മുടെ ജനാധിപത്യത്തിൽ ഗണനീയമായ മാറ്റം വരുത്തും. ഇവർ ഉദ്ദേശശുദ്ധിയോടെ പ്രവർത്തിച്ചാൽ, മറ്റു പാർട്ടികൾക്ക് നിലനിൽക്കണമെങ്കിൽ ഉദ്ദേശശുദ്ധിയിൽ ഇവരോട് മത്സരിക്കാതിരിക്കാൻ നിവൃത്തിയില്ലാതെ വരും. കോൺഗ്രസിന്റെയും ബി.ജെ.പി.യുടെയും മനോഭാവങ്ങളിൽ ഇപ്പോൾ തന്നെ മാറ്റങ്ങൾ വരുത്താൻ അവർക്ക് കഴിഞ്ഞു. നാല്പതു കൊല്ലം വഞ്ചനാത്മകമായി വച്ചു താമസിപ്പിച്ച ലോക്പാൽ ബിൽ ദില്ലി തെരഞ്ഞെടുപ്പു ഫലം വന്നു രണ്ടു ദിവസം കൊണ്ട് ഇവർക്ക് പാസ്സാക്കേണ്ടി വന്നു. ആം ആദ്മി പാർട്ടിയുടെ സോദ്ദേശ പൂർണ്ണമായ ഒരു ചെറു ചലനം ഇത്രകാലം ജനവഞ്ചന നടത്തി വന്ന പാർട്ടികളിൽ പോലും തുടർ ചലനങ്ങളുണ്ടാക്കും.

> പ്രത്യയശാസ്ത്രാനന്തര പ്രസ്ഥാനങ്ങൾ ഹ്രസ്വായുസ്സുള്ളവയാകാനാണ് സാധ്യത. ആം ആദ്മി പാർട്ടി ആർജ്ജവത്തോടെ അഞ്ചു വർഷമെങ്കിലും നിലനിന്നാൽ അത് നമ്മുടെ ജനാധിപത്യത്തിൽ ഗണനീയമായ മാറ്റം വരുത്തും. മറ്റു പാർട്ടികൾക്ക് നിലനിൽക്കണമെങ്കിൽ ഉദ്ദേശശുദ്ധിയിൽ ഇവരോട് മത്സരിക്കാതിരിക്കാൻ നിവൃത്തിയില്ലാതെ വരും.

ഇവർ കൊണ്ടുവരാൻ ശ്രമിക്കുന്ന ഭരണ നിർവഹണ പരിഷ്കരണങ്ങൾ വിജയകരമായാൽ തന്നെ, അത് സാമ്പത്തികവും ജാതീയവുമായ അസമത്വങ്ങളെയും അനീതികളെയും ഒരളവിൽ സംബോധന ചെയ്യും. തന്നെയുമല്ല, ചരിത്രത്തിൽ ആം ആദ്മി പാർട്ടി അവസാനവാക്കല്ലല്ലോ. സമകാലീന സങ്കീർണ്ണതകൾ പലതിനും മുന്നിൽ അവർ അസമർത്ഥരാകുന്ന അവസരങ്ങളുണ്ടാകും. അവരും രാഷ്ട്രീയമായി ജീർണ്ണിക്കുന്ന കാലമുണ്ടാകാം.

ആം ആദ്മി പാർട്ടിയുടെ സമീപനങ്ങളിൽ പോപ്പുലിസത്തിന്റെ അംശങ്ങൾ കാണാനുണ്ടെങ്കിലും ബീക്കൺ ലൈറ്റുകൾ ഒഴിവാക്കുക മുതലായ സംഗതികൾ പ്രതീകാത്മക പ്രവർത്തനങ്ങൾ മാത്രമായി ഞാൻ കാണുന്നില്ല. ഭരണകൂടത്തെക്കുറിച്ചുള്ള ജനങ്ങളുടെയും ഭരണാധികാരികളുടെയും അഭിവീക്ഷണങ്ങളിൽ അത്തരം നടപടികൾ മാറ്റം വരുത്തും. പക്ഷെ, ആർഭാടമാകാത്ത, അത്യാവശ്യമുള്ള സുരക്ഷ പരിരക്ഷ ഉപേക്ഷിക്കുന്നത് മൂഢത്വമാണ്.

**ഏറെക്കാലങ്ങളായി ഭരിക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങളോടുണ്ടായിട്ടുള്ള ധാർമ്മിക രോഷം മാത്രം കൈമുതലായുള്ള ആൾക്കൂട്ടത്തിന്, പ്രത്യേകിച്ച് അരാഷ്ട്രീയ, സവർണ്ണ, നഗരകേന്ദ്രീകൃത മധ്യവർഗ്ഗത്തിന് എ.എ.പിയിലുള്ള മേൽക്കൈ പാർട്ടിയുടെ നിലപാടുകളെ സ്വാധീനിക്കില്ലേ? നിലപാടുകളേക്കാളുപരി ജനഹിതത്തിന് പരിഗണനകൊടുക്കുന്ന എ.എ.പിയുടെ നിലവിലെ രീതി വിഭിന്നങ്ങളായ പല സാമൂഹിക വിഭാഗങ്ങൾക്കും പ്രശ്നങ്ങൾ സൃഷ്ടിക്കില്ലേ?**

ഭൂഖണ്ഡ വിസ്തൃതിയുള്ള നമ്മുടെ നാട്ടിൽ

കഠിനമായ വർഗ്ഗ-മത-ജാതി വൈരുദ്ധ്യങ്ങൾ ഉണ്ട്. ഭരണഘടന വിഭാവനം ചെയ്യുന്ന നീതിയും തുല്യതയും ഉറപ്പാക്കാൻ ഒരൊറ്റ പ്രസ്ഥാനം കൊണ്ടാകുകയില്ല. ഒരു പക്ഷെ ഓരോ രംഗത്തും ശക്തമായ, സവിശേഷമായ പ്രസ്ഥാനങ്ങൾ വേണ്ടി വരും. ഇന്നും സമഗ്ര നീതിയും തുല്യതയും വാഗ്ദാനം ചെയ്തു കൊണ്ടിരിക്കുന്ന പ്രസ്ഥാനങ്ങളാണല്ലോ മൂന്നക്ക വോട്ടും വാങ്ങി തകർന്നു കിടക്കുന്നത്. സമൂഹസദ്യയിൽ ഇല കിട്ടാത്തവൻ അതിനു വേണ്ടി അലറി വിളിക്കേണ്ടി വരും. അതാണ് ഇന്നും നടക്കുന്നത്. പക്ഷെ ആത്യന്തികമായി ഇന്ന് അത്തരം സ്വത്വാധിഷ്ഠിത സമരങ്ങളെ കക്ഷി രാഷ്ട്രീയക്കാർ റാഞ്ചിക്കൊണ്ട് പോകുകയാണ് ചെയ്യുന്നത്. കുറച്ചിടങ്ങളിൽ മാത്രം ഇടപെടുന്നു എന്ന പരിമിതിയുണ്ടെന്ന് ആരോപിക്കപ്പെടുന്ന ആം ആദ്മി പ്രസ്ഥാനം എങ്ങിനെയാണ് ആർജ്ജവത്തോടെ പ്രവർത്തിക്കുന്ന സ്വത്വാധിഷ്ഠിത പ്രസ്ഥാനങ്ങൾക്ക് വിരുദ്ധമാകുന്നത് എന്ന് മനസ്സിലാകുന്നില്ല.

'അരാഷ്ട്രീയ, സവർണ്ണ, നഗരകേന്ദ്രീകൃത മധ്യവർഗ്ഗം' മുതലായ പഴകിയ വായ്ത്താരികൾ ചെറുപ്പക്കാർ എങ്കിലും ഉപേക്ഷിക്കണം. ലാൻഡ് റോവറിൽ സഞ്ചരിക്കുന്ന സഖാവ് ഇത്തരം വായ്ത്താരികൾ തുടങ്ങി വക്കുന്നു, അനർഹമായി പോലും കൊഴുത്ത ശമ്പളം വാങ്ങിക്കുന്ന അക്കാദമിക ബുദ്ധിജീവികൾ ഇത് ആവർത്തിക്കുന്നു, മറ്റുള്ളവർ ഒരു ബാധ്യത പോലെ യാന്ത്രികമായി ഇത് ഉരുവിടുന്നു. ചുരുങ്ങിയത്, യാന്ത്രികത ഒഴിവാക്കി, തങ്ങൾ പറയുന്ന ഓരോ വാക്കിന്റെയും യാഥാർത്ഥ്യത്തിലേക്ക് ഒന്ന് തിരിച്ചു പോയാൽ കേരളസമൂഹത്തിന്റെ ഇന്നത്തെ നവ യാഥാസ്ഥിതികത്വത്തിന് അല്പം ശമനം കിട്ടും.

ആൾക്കൂട്ടവും ജനാവലിയും വ്യത്യസ്തമാകുന്നത് അതിന്റെ ലക്ഷ്യത്തിന്റെയും ഉദ്ദേശശുദ്ധിയുടെയും അടിസ്ഥാനത്തിലാണ്. കണ്ണിൽ കണ്ട പൊതുമുതലെല്ലാം അടിച്ചുതകർക്കാൻ, പി. ജയരാജൻ അറസ്റ്റുചെയ്യപ്പെട്ടപ്പോൾ തെരുവിലിറങ്ങിയ ഡി.വൈ.എഫ്.ഐക്കാരും താക്കറെമാർ ആഹ്വാനം നൽകിയാൽ ഇളകിവരുന്ന ശിവസൈനികരും ആൾക്കൂട്ടമാണ്. ജനലോക്പാൽ ബില്ലിന് വേണ്ടി 2012 ലെ സമരത്തിലും പീഡിപ്പിക്കപ്പെട്ട ഡൽഹി പെൺകുട്ടിക്ക് വേണ്ടി കഴിഞ്ഞ കൊല്ലവും ഉണ്ടായ കൂടിച്ചേരൽ ജനാവലിയുടെതാണ്.

വോട്ട് ബാങ്കും, കുതിരക്കച്ചവടവും, മതപ്രീണനവും, ബന്ദും, കേർപ്പറേറ്റുകൾക്ക് വേണ്ടിയുള്ള കങ്കാണിപ്പണിയും, അഴിമതിയും, വ്യഭിചാരവും ഉൾച്ചേർന്ന ഇന്നത്തെ നമ്മുടെ കക്ഷിരാഷ്ട്രീയ paradigmൽ നിന്ന് പുറത്തു വന്ന് വീക്ഷിക്കാത്തിടത്തോളം കാലം, ഈ പുതിയ രാഷ്ട്രീയം അരാഷ്ട്രീയമായി അനുഭവപ്പെടും. ആം ആദ്മി പാർട്ടിയുടെ എം.എൽ.എമാരുടെയും മന്ത്രിമാരുടെയും ചേരുവ പൂർണ്ണമായി സവർണമല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പിന്നെ, 'നഗരകേന്ദ്രീകൃത മധ്യവർഗ്ഗം' ഒരു അശ്ലീലവാക്കാകേണ്ടുന്ന ആവശ്യം യാഥാർത്ഥ്യാധിഷ്ഠിതമല്ല. നിങ്ങളും ഞാനും മധ്യവർഗ്ഗത്തിൽ പെട്ടവരല്ലെങ്കിൽ പിന്നെ ആരാണ്?. 'അരാഷ്ട്രീയ മധ്യവർഗ്ഗത്തെ' നാഴികക്ക് നാൽപ്പതു വട്ടം പഴിപറയുന്ന സഖാവ് പിന്നെയാരാണ്?

'ജനഹിതം' പ്രകടിപ്പിക്കുന്ന 'ജന'ങ്ങളിൽ നിങ്ങൾ പറയുന്ന 'പല സാമൂഹിക വിഭാഗങ്ങൾ' പെടില്ലേ? ഇത്രയ്ക്കു തുറന്ന ഒരു പ്രസ്ഥാനത്തിൽ പെടാൻ ഏതെങ്കിലും സാമൂഹിക വിഭാഗങ്ങൾ സന്നദ്ധമാകുന്നില്ലെങ്കിൽ, അത് അവക്കുള്ളിൽ അത്യാവശ്യമായി നടക്കേണ്ട ആധുനികവല്ക്കരണത്തിന്റെ ആഴത്തിലുള്ള പ്രശ്നമാണ്. വോട്ട്ബാങ്ക് രാഷ്ട്രീയത്തിന്റെ പതിവ് സമവാക്യങ്ങളെ താലോലിക്കാതെ അവഗണിച്ചു തിരസ്കരിക്കുന്ന ആം ആദ്മി പാർട്ടിയുടെ സമീപനത്തിനോട് എനിക്ക് ബഹുമാനമാണ്. ഭൂരിപക്ഷസമുദായാംഗങ്ങൾ ബഹുഭൂരിപക്ഷമായ ആർ.കെ.പുരത്ത് ഒരു മുസ്ലിം വനിതയെ സ്ഥാനാർത്ഥിയായി നിർത്തിയത് അടുത്ത കാലത്ത് ഉണ്ടായിട്ടുള്ള ധീരമായ രാഷ്ട്രീയ പ്രസ്താവനകളിൽ ഒന്നാണ്. അവർക്ക് വിജയത്തിന് മുന്നൂറോളം വോട്ടിന്റെ കുറവേ ഉണ്ടായിരുന്നുള്ളൂ എന്നത് ഓർക്കുക.

**ജനഹിതത്തിനനുസരിച്ച് ഭരണം നടത്തുക എന്നത് ഇന്ത്യയെപ്പോലെ ബഹുസ്വരതയുള്ള ഒരു രാജ്യത്ത് സ്വീകരിക്കാൻ കഴിയുന്ന ശരിയായ രാഷ്ട്രീയ പരിപാടിയാണോ? ജനഹിതം ഭൂരിപക്ഷത്തിന്റെ ഹിതമായി മാറുന്നത് ബഹുസ്വരതയ്ക്ക് ഹിതകരമല്ലാതെയായി മാറില്ലേ? ദേശീയത പോലും ചോദ്യം ചെയ്യപ്പെടുന്ന തരത്തിലുള്ള അഭിപ്രായ ഭിന്നതകൾ ഇന്ത്യയിൽ പല സ്ഥലങ്ങളിലും നിലനിൽക്കുന്നുണ്ടെന്നതാണ് വസ്തുത. ഭാരത് മാതാകീ ജയ് എന്ന മുദ്രാവാക്യം മുഴക്കുന്ന എ.എ.പിക്ക് ദേശീയതയുടെ പരിമിതികളെ ചോദ്യം ചെയ്യുന്നവരെ ഉൾക്കൊള്ളാനുള്ള ശേഷിയുണ്ടോ? ആൾക്കൂട്ടത്തിന്റെ ശരികൾ രാഷ്ട്രീയ ശരികളായി മാറുന്ന കാലം ജനാധിപത്യത്തിന് യുക്തമാണോ?**

*⇨ ബഹുസ്വരത, ദേശീയത മുതലായ ഭാരിച്ച വിഷയങ്ങളെ കുറിച്ചു ചോദിച്ച് പരിഭ്രമിപ്പിക്കാൻ സമയമായോ? ⇨*




ആൾക്കൂട്ടവും ജനാവലിയും വേർതിരിയുന്ന അതിർത്തിരേഖ ലോലമാണ്. ഇത് മനസ്സിലാക്കുന്നില്ലെങ്കിൽ ആം ആദ്മി പാർട്ടിക്കും ഒരു പാട് പിഴവുകൾ പറ്റാൻ ഇടയുണ്ട്. ഉഗാണ്ടക്കാർ ഉൾപ്പെട്ട കേസിൽ, പാർട്ടി പ്രവർത്തകരുടെ നിഗമനം ശരിയായിരിക്കാൻ ഇടയുണ്ടെങ്കിൽ പോലും നിയമ പ്രക്രിയകളെ കുറിച്ചുള്ള ബാലപാഠം പോലും അറിയാതുള്ള വിജിലാന്റിസം ഗുരുതരമായ വീഴ്ചയാണ്.

കക്ഷി രാഷ്ട്രീയത്തിന്റെ തേർവാഴ്ചയിൽ ദുർബലനായി, സാംസ്കാരികമായ അധഃപതനത്തിന്റെ താഴെത്തട്ടിൽ കഴിയുമ്പോഴും പത്രവായനക്കാരനായ മലയാളിക്ക് കാൽക്കാശിന് ഉപകരിക്കാത്ത, തൊലിപ്പുറമെയുള്ള ഒരുപാട് ഐക്യദാർഢ്യങ്ങളുണ്ട്. അതിൽ ഒരുപാട് ചോദ്യങ്ങളുമുണ്ട്. പക്ഷെ, ഭരണകൂട സ്ഥാപനങ്ങളെ ആകാവുന്നത്ര ശുദ്ധീകരിക്കുക, അഴിമതിക്കെതിരെ ചെറുത്തുനിൽക്കുക എന്നിങ്ങനെ പരിമിതമായ ലക്ഷ്യങ്ങളോടെ ആരംഭിച്ചിട്ടുള്ള ഒരു പ്രസ്ഥാനത്തിനോട് ലോകാരംഭം മുതലേ, ലോകമെമ്പാടും നിർദ്ധാരണം ചെയ്യാൻ ബാക്കിയുള്ള ബഹുസ്വരത, ദേശീയത മുതലായ ഭാരിച്ച വിഷയങ്ങളെ കുറിച്ചു ചോദിച്ച് പരിഭ്രമിപ്പിക്കാൻ സമയമായോ? ഞാൻ ഒരു ദേശീയവാദി ഒന്നുമല്ല. എന്നാലും, ഇന്ത്യ സ്വാതന്ത്ര്യം എന്ന സ്വപ്നത്തിലേക്ക് സഞ്ചരിച്ച കൊല്ലങ്ങളിൽ ഉച്ചരിക്കപ്പെട്ട മുദ്രാവാക്യം, ആ സ്വപ്നം വഞ്ചിക്കപ്പെട്ടതിനെ കുറിച്ച് ഓർമ്മിപ്പിക്കുന്ന ഒരു പ്രസ്ഥാനത്തിലെ ആളുകൾ ഒന്ന് വിളിച്ചു പോകുന്നത് ക്ഷന്തവ്യമല്ലേ? ഭൂരിപക്ഷത്തിന്റെ ഹിതം എന്നത് ഭൂരിപക്ഷമതത്തിന്റെ ഹിതമായി മുൻവിധിയോടെ തെറ്റിദ്ധരിക്കുന്നതിലും ശരികേടുണ്ട്.

ആൾക്കൂട്ടവും ജനാവലിയും വേർതിരിയുന്ന അതിർത്തിരേഖ ലോലമാണ്. ഇത് മനസ്സിലാക്കുന്നില്ലെങ്കിൽ ആം ആദ്മി പാർട്ടിക്കും ഒരു പാട് പിഴവുകൾ പറ്റാൻ ഇടയുണ്ട്. ഈയിടെ ഉഗാണ്ടക്കാർ ഉൾപ്പെട്ട കേസിൽ, പാർട്ടി പ്രവർത്തകരുടെ നിഗമനം ശരിയായിരിക്കാൻ ഇടയുണ്ടെങ്കിൽ പോലും നിയമ പ്രക്രിയകളെ കുറിച്ചുള്ള ബാലപാഠം പോലും അറിയാതുള്ള വിജിലാന്റിസം ഗുരുതരമായ വീഴ്ചയാണ്. അതിന്റെ ശിക്ഷ അവർ അനുഭവിക്കണം.

**ആം ആദ്മി പാർട്ടി നേരിടാൻ പോകുന്ന വെല്ലുവിളികൾ എന്തെല്ലാമാണ്?**

ആം ആദ്മി പാർട്ടി പരാജയ സാധ്യതയുള്ള ഒരു പരീക്ഷണം മാത്രമാണെന്ന വിനയം അവർക്കും, പരിഗണന നിരീക്ഷകർക്കും വേണം. അതിനു മുന്നിൽ ഇന്ന് വെല്ലുവിളികൾ മാത്രമേയുള്ളൂ എന്ന് പറയാം. ആദ്യത്തെ വെല്ലുവിളി അതിന്റെ തന്നെ പ്രവർത്തകരുടെ സ്വഭാവ ദാർഢ്യത്തിന്റേതാണ്. അധികാരദർപ്പവും അധികാരമൽസരവും അഴിമതിയും എകാധിപത്യപ്രവണതയും ഈ രാജ്യത്തിന്റെ ഭരണാന്തരീക്ഷത്തിൽ ഉള്ളതാണ്. അത് തീണ്ടാതിരിക്കാൻ മാത്രമുള്ള വിവേകം അവർക്കുണ്ടോ എന്ന് കാലം മാത്രമാണ് തെളിയിക്കുക. ഗാന്ധിജിയുടെ ലാളിത്യവും ആർജ്ജവവും സ്വഭാവദാർഢ്യവും കൗശലവും മറ്റും ആവശ്യമാക്കുന്നത്ര വെല്ലുവിളികൾ ബാഹ്യലോകത്തിൽ നിന്ന് അവർക്കുണ്ട്. ഡൽഹി മാതൃക ചെറിയൊരു വിജയം കൈവരിച്ചാൽ അതിന്റെ പ്രാഭവം മറ്റ് സംസ്ഥാനങ്ങളിലേക്കും മറ്റ് മൂന്നാം ലോകരാജ്യങ്ങളിലേക്കും സംക്രമിച്ചേക്കാം. ഇതു സംഭവിക്കാതിരിക്കാൻ നിക്ഷിപ്തതാല്പര്യങ്ങൾ ഓരോ ചുവടുവയ്പ്പിലും ഇവർക്കെതിരെ ആളും അർത്ഥവും ഹിംസയും കുതന്ത്രങ്ങളും ഉപയോഗിക്കും. മറ്റൊന്ന്, ഇവർ ആരെ പിടിച്ചാണോ ആണയിടുന്നത് ആ 'ആം ആദ്മി', ചരിത്രത്തിൽ പലപ്പോഴും ഉദാത്തവൽക്കരണം അർഹിക്കാത്ത ഒരു ചപലനാണ് എന്ന സത്യം ഓർമ്മ വേണം എന്നതാണ്. ഇന്ദിരയെ വാഴിച്ച, താഴെയിറക്കിയ, വീണ്ടും വാഴിച്ച, സിക്കുകാരെ കൂട്ടക്കൊല ചെയ്ത ആളുകളുടെ പിന്മുറക്കാരാണ് ഇവർ എന്നത് മറക്കാൻ പാടില്ലല്ലോ. ■